CCM( 6) – 2011-12

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി

### ബഹുമാനപ്പെട്ട വ്യവസായ/അർബൻ അഫയേഴ്സ് വകുപ്പുമന്ത്രിയുടെ ചേംബറിൽ 11.01.2012 –ന് രാവിലെ 8 മുതൽ കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ:–

അദ്ധ്യക്ഷൻ : ശ്രീ. പി. കുഞ്ഞാലിക്കുട്ടി
ബഹു. വ്യവസായ/അർബൻ അഫയേഴ്സ് വകുപ്പു മന്ത്രി

**1. പൊതു വിഷയങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ**

കോഓർഡിനേഷൻ കമ്മിറ്റിയിൽ വച്ചു തന്നെ ഡ്രാഫ്റ്റ് മിനിറ്റ്സ് (കരട്) തയ്യാറാക്കി ബഹു. മന്ത്രിമാരുടെ ഒപ്പിട്ടുവാങ്ങണമെന്നും എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച് നടപടി സ്വീകരിക്കുകയും വെബിൽ പ്രസിദ്ധീകരിക്കുകയും ചെയ്യണമെന്നും അടുത്ത കോഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ വച്ച് മിനിറ്റ്സിന്റെ സാധൂകരണം വാങ്ങണമെന്നും തീരുമാനിച്ചു.

**1.1 2011 –12 പദ്ധതി വാർഷിക പുരോഗതി**

സംസ്ഥാനത്തെ കോർപ്പറേഷനുകൾ 9.48%വും മുനിസിപ്പാലിറ്റികൾ 23.85% വും ചെലവ് പുരോഗതി കൈവരിച്ചതായി നഗരകാര്യ ഡയറക്ടർ അറിയിച്ചു. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് കോർപ്പറേഷൻ, മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ യോഗം വിളിച്ചു ചേർക്കുന്നതിന് നിശ്ചയിച്ചു.

**2. പ്രത്യേക വിഷയങ്ങൾ**

**2.1 ഒഴൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.70799/ഡി.ബി2//11/തസ്വഭവ)തീയതി 11/01/12**

1. പറമ്പത്താഴം പുൽപറമ്പ് റോഡ് വെള്ളം കെട്ടി നിർക്കുന്ന ഭാഗമാണെന്നതിനാൽ ടാറിംഗ് പണി ഒഴിവാക്കേണ്ടതാണ്. പദ്ധതി അംഗീകരിക്കുന്നില്ല.
2. നാലിട വഴി – വരിക്കോട്ടുതറ റോഡ് – റോഡ് കോൺക്രീറ്റിംഗിന് പ്രത്യേക കേസായി പരിഗണന നൽകി അംഗീകാരം നൽകുന്നു.
3. അയ്യംമുക്ക് പുളിക്കപ്പറമ്പ് റോഡ് – റോഡ് കോൺക്രീറ്റിംഗ്ന് പ്രത്യേക കേസായി പരിഗണന നൽകി അനുമതി നൽകുന്നു.
4. പണി കോടൻ പള്ളി പുത്തൻ റോഡ് – റോഡ് കോൺക്രീറ്റിംഗ്ന് പ്രത്യേക കേസായി പരിഗണന നൽകി അനുമതി നൽകുന്നു.
5. ഒഴൂർ ജി.പി. എസ്. കോളനി റോഡ് – റോഡ് കോൺക്രീറ്റിംഗ്ന് പ്രത്യേക കേസായി പരിഗണന നൽകി അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.2 ചെറുകാവ് ഗ്രാമപഞ്ചായത്ത് (ഫയൽ നം.56862/ഡി.എ2//11/തസ്വഭവ) തീയതി 11/01/12**

1. കാലിത്തീറ്റ വിതരണം, വൈക്കോൽ വിതരണം എന്നീ പദ്ധതികൾ നടപ്പാക്കുന്നതിന് അനുമതി നൽകുന്നു.
2. കാലിത്തൊഴുത്ത് നിർമ്മാണം എസ്.ജി.എസ്.വൈ മാനദണ്ഡ പ്രകാരം നടത്തേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.3 ദേവികുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം.72314/ഡി.എ2//11/തസ്വഭവ)തീയതി 11/01/12**

ജെ.സി.ബി. പരിശീലന പദ്ധതിക്ക് അനുമതി നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.4 ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം.62826/ഡി.എ2//11/തസ്വഭവ)തീയതി 11/01/12**

പട്ടികജാതി വിഭാഗ കോളനിയിലെ വീടുകൾ സംരക്ഷിക്കുന്ന പദ്ധതി ഓരോ വീടിനും പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്ത് സമിതി അംഗീകരിക്കണം എന്ന നിബന്ധനയോടെ അംഗീകരിക്കുന്നു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.5 പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് (ഫയൽ നം.32698/ഡി.ബി.3//11/തസ്വഭവ)തീയതി 11/01/12**

ആംബുലൻസും ഫ്രീസറും വാങ്ങി ആശുപത്രി ഡെവലപ്മെന്റ് സമിതിക്ക് നൽകി ആവർത്തന ചെലവുകൾ എച്ച്.ഡി.സി വഹിക്കണമെന്ന നിബന്ധനയോടെ പദ്ധതിക്ക് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.6 കരുനാഗപ്പള്ളി/ റോഡ് പുനരുദ്ധാരണ ഗ്രാന്റ് വിനിയോഗം**

**(ഫയൽ നം.21237/എഫ്.എം1/11/തസ്വഭവ) തീയതി 11/01/12**

കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ മുൻപ് അനുവദിച്ച റോഡ് മെയിന്റനൻസ് ഗ്രാന്റ് റീ അലോട്ട് ചെയ്ത് ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന് നൽകിയ സാഹചര്യത്തിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് തൊടിയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന 4 പണികൾക്ക് അനുവാദം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.7 എടയ്ക്കാട്ടു വയൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 63614/ഡി.എ2//11/തസ്വഭവ) തീയതി 11/01/12**

കുടുംബശ്രീ യൂണിറ്റ് ബസ് സർവീസ് നടത്തുന്ന പദ്ധതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി: എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ)

**2.8 ചേലാമ്പ്ര ഗ്രാമപഞ്ചായത്ത് (ഫയൽ നം. 67515/ഡി.എ1/11/തസ്വഭവ)തീയതി 11/01/12**

കറവമാടുകളുടെ വേനൽക്കാല പരിരക്ഷക്കായുള്ള സബ്സിഡി അനുവദിച്ച് കാലിത്തീറ്റ വിതരണം ചെയ്യുന്ന പദ്ധതിക്ക് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.9 തൃശൂർ ജില്ലാ പഞ്ചായത്ത്(ഫയൽ നം.73096/ഡി.ബി1/11/തസ്വഭവ) തീയതി 11/01/12**

ക്ഷീര സഹകരണ സംഘങ്ങൾക്ക് മുൻപ് റിവോൾവിംഗ് ഫണ്ട് അനുവദിച്ചതു സംബന്ധിച്ച വിവരം ശേഖരിക്കേണ്ടതാണ്. പുതിയ ഗ്രൂപ്പുകൾക്ക് ഫണ്ട് അനുവദിക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.10 മട്ടന്നൂർ മുനിസിപ്പാലിറ്റി (ഫയൽ നം.67342/ഡി.സി.2/11/തസ്വഭവ)തീയതി 11/01/12**

ISHUP പദ്ധതിയിൽ ഭൂമിരേഖ ഗുണഭോക്താവിന് തിരികെ നൽകുന്നതിന് ബാങ്കും, ഗുണഭോക്താവും, നഗരസഭയും തമ്മിൽ ട്രൈപാർട്ടിയേറ്റ് എഗ്രിമെന്റ് അനുവദി ക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.11 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (ഫയൽ നം.68650/ഡി.ബി.1/11/തസ്വഭവ) തീയതി 11/01/12**

ഡയാലസിസ് മെഷീൻ ഘടിപ്പിച്ച വാഹനം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് സായി ഗ്രാമ യൂണിറ്റിനെ എൽപ്പിക്കുന്ന പ്രോജക്ട് താഴെപ്പറയുന്ന നിബന്ധനയോടെ അംഗീകരിക്കുന്നു.

പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ജില്ലാ പഞ്ചായത്തിന്റെയും, ട്രസ്റ്റ് ഭാരവാഹികളുടെയും ഓരോ പ്രതിനിധിയും, ഒരു നെഫ്രോളജിസ്റ്റും അടങ്ങുന്ന ഒരു സമിതി രൂപീകരിക്കേണ്ടതും ത്രൈമാസിക പ്രവർത്തന റിപ്പോർട്ട് ജില്ലാ പഞ്ചായത്ത് ഭരണ സമിതി പരിശോധിക്കേണ്ടതുമാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.12 കാസറഗോഡ് ജില്ലാ പഞ്ചായത്ത് (ഫയൽ നം.69241/ഡി.ഡി.1/11/തസ്വഭവ) തീയതി 11/01/12**

പത്താംതര തുല്യതാ പരീക്ഷയ്ക്ക് കന്നഡ മീഡിയം പഠിതാക്കൾക്ക് പുസ്തകം അച്ചടിച്ച് നൽകുന്നതിന് തയ്യാറാക്കിയ പ്രോജക്ടിന് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.13 മട്ടന്നൂർ നഗരസഭ (ഫയൽ നം.61988/ഡി.സി.3/11/തസ്വഭവ)തീയതി 11/01/12**

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ട്രൈ സ്ക്കൂട്ടർ വാങ്ങി നൽകിയ 2009–10–ലെ പ്രോജക്ട് ചെലവുകൾ അംഗീകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.14 മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ (ഫയൽ നം.70710/എഫ്.എം.2/11/തസ്വഭവ) തീയതി 11/01/12**

ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രോജക്ട് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകുന്നതിന് സ്പോർട്സ് ആന്റ് യൂത്ത് വെൽഫയർ ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി: ഡയറക്ടർ, സ്പോർടസ് ആന്റ് യൂത്ത് വെൽഫയർ )

**2.15 വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് (ഫയൽ നം.422/ഡി.എ.2/12/തസ്വഭവ) തീയതി 11/01/12**

മുത്തശ്ശി കഥോത്സവം പദ്ധതിക്ക് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.16 ജനന– മരണ– വിവാഹ രജിസ്ട്രേഷൻ കമ്പ്യൂട്ടറൈസേഷൻ – ഐ.കെ.എം – നിരക്ക് (ഫയൽ നം.33476/ഐ.ബി.1/11/തസ്വഭവ) തീയതി 11/01/12**

ജനന–മരണ–വിവാഹ രജിസ്ട്രേഷൻ മുൻകാല റക്കോർഡുകളുടെ കമ്പ്യൂട്ടർ വൽക്കരണത്തിന് റെക്കോഡ് ഒന്നിന് 8/– രൂപയും പൊതു വിവാഹ രജിസ്ട്രേഷനുകളുടെ മുൻകാല റെക്കോർഡുകളുടെ കമ്പ്യൂട്ടറൈസേഷന് റെക്കാർഡ് ഒന്നിന് 10/– രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ/തനതു ഫണ്ടിൽ ഉൾപ്പെടുത്തി ചെലവ് ചെയ്യുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.17 കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.73171/ഡി.എ2/11/തസ്വഭവ) തീയതി 11/01/12**

പശുവിനെ വാങ്ങുന്ന പദ്ധതി കിടാരി വാങ്ങുന്ന പദ്ധതിയായി മാറ്റം വരുത്തണമെന്ന ഭേദഗതിയോടെ അംഗീകരിക്കുന്നു.

**2.18 കൊരട്ടി ഗ്രാമപഞ്ചായത്ത് (ഫയൽ നം.69191/ഡി.എ.2/11/തസ്വഭവ)തീയതി 11/01/12**

സർക്കാർ ലെപ്രസി ആശുപത്രിയിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി അംഗീകരിക്കുന്നു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.19 ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.72742/ഡി.ഡി.2/11/തസ്വഭവ) തീയതി 11/01/12**

1. 2011–12 വർഷത്തെ വികാലാംഗർക്ക് ട്രൈസ്ക്കൂട്ടർ നൽകുന്ന പദ്ധതി അംഗീകരിക്കുന്നു.
2. കഴിഞ്ഞ വർഷത്തെ ഓഡിറ്റ് തടസ്സം നീക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**<u>അജണ്ടക്കു പുറമേ</u>**

**2.20** മരാമത്ത് പണികൾക്കുള്ള സാധന സാമഗ്രികൾ ശേഖരിക്കുന്നത് 'സ്റ്റാക്ക്' ചെയ്ത് C.T.E. ക്ക് റിപ്പോർട്ട് ചെയ്യണമെന്നും 7 ദിവസം വരെ പരിശോധനയ്ക്ക് സമയം അനുവദിക്കണമെന്നുമുള്ള വ്യവസ്ഥ പുനഃപരിശോധിക്കേണ്ടതില്ല. എന്നാൽ പരിശോധന നടത്തുന്നതിനുള്ള അധികാരം ഡെലിഗേറ്റ് ചെയ്യുന്ന കാര്യം പരിശോധിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.21** അയ്യൻകാളി , UWEP പദ്ധതികൾ നഗരകാര്യ വകുപ്പിലേയ്ക്ക് മാറ്റുവാനും പുതിയ പദ്ധതി മന്ത്രിസഭയ്ക്ക് സമർപ്പിക്കുവാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

2.22 കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്ത യോഗം 18.01.2012–ന് രാവിലെ 8.00 മണിക്ക് ബഹു.നഗരകാര്യ വകുപ്പു മന്ത്രിയുടെ മുറിയിൽ കൂടാമെന്നു തീരുമാനിച്ചു.

(യോഗം 9.A.M. ന് അവസാനിച്ചു)